പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം-1

**No.Fin.B4/174433/2020/DGE/HSE**

**തീയതി : 10/03/2020**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി - ജീവനക്കാര്യം - അദ്ധ്യാപക, അനദ്ധ്യാപക ജിവനക്കാർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നത് - സംബന്ധിച്ച്

സൂചന:- ധനകാര്യ (എസ്.എഫ്.സി.സെൽ) വകുപ്പിന്റെ 23/01/2020 തീയതിയിലെ 07/2020/ധന. നമ്പർ സർക്കുലർ

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ, സർക്കാർ/അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ/സർവ്വീസ് പെൻഷണർമാർ/കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി കൈപ്പറ്റുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സർക്കാർ ഇത് സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ (ഹയർ സെക്കന്ററി വിഭാഗം) എല്ലാ വിഭാഗം ജീവനക്കാരുടേയും അറിവിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിവരുന്ന ജീവനക്കാർ അക്കാര്യം അടിയന്തിരമായി പ്രാദേശിക സർക്കാരിൽ അറിയിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്.
2. ജീവനക്കാർ ജോലി ലഭിച്ച മാസം/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി തുടങ്ങിയ മാസം ഏതാണോ അന്തിമമായി വരുന്നത് ആ മാസം മുതൽ അവർ അനർഹമായി കൈപ്പറ്റിയിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരിച്ചടക്കേണ്ടതാണ്.
3. നിലവിൽ സർവ്വീസിൽ ഉള്ളവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സ്വമേധയാ തിരിച്ചടക്കാത്ത പക്ഷം അവർ തിരിച്ചടക്കേണ്ടുന്ന തുക സ്പാർക് മുഖാന്തിരം ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചടക്കാൻ ബന്ധപ്പെട്ട് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു.
4. ഈ വകുപ്പിൽ നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരിൽ ആരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ഡയറക്ടറേറ്റിലെ എല്ലാ വിഭാഗം ജീവനക്കാരും അതാത് ബ്രാഞ്ച് മേധാവികൾ മുഖേന സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേ

റ്റിലെ ജീവനക്കാർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും, ഹയർ സെക്കന്ററി അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവർ സ്കൂൾ പ്രിൻസിപ്പലിനും, പ്രിൻസിപ്പൽമാർ ആർ.ഡി.ഡി. മാർക്കും ആർ.ഡി.ഡി. മാർ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും "സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ല" എന്ന ഒരു സത്യ പ്രസ്താവന സമർപ്പിക്കേണ്ടതാണ്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പ്രവേശന സമയത്ത് സ്ഥാപന മേധാവികൾ മേൽ പറഞ്ഞ സത്യ പ്രസ്താവന വാങ്ങേണ്ടതാണ്.

5. സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും വാങ്ങുന്നതായി ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പെൻഷൻ തുക തിരിച്ചു പിടിക്കുന്നതിനോടൊപ്പം വകുപ്പ് തല അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

ഒപ്പ്/-

**കെ.ജീവൻ ബാബു.ഐ.എ.എസ്**
**ഡയറക്ടർ**

പകർപ്പ്:-

1. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടറേറ്റിലെ എല്ലാ ബ്രാഞ്ച് മേധാവികൾക്കും
2. എല്ലാ ആർ.ഡി.ഡി. മാർക്കും
3. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും അറിവിലേക്ക് (വെബ്ബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നു).
4. ഫയൽ/കരുതൽ ഫയൽ